**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1734** **19-01-2021 - ൽ മറുപടിയ്ക്ക്**

**അസി.പ്രൊഫസർ നിയമനത്തിന് പ്രായപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ടി. ബൽറാം | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും അസി.പ്രൊഫസർ നിയമനത്തിന് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ സർവ്വകലാശാലകളിലും കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 40 വയസ്സായി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | കേരളത്തിലെ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും അസി.പ്രൊഫസർ നിയമനത്തിന് ഉയർന്ന പ്രായപരിധി നീക്കണമെന്ന് ഉന്നതവിദ്യാഭ്യാസ കൗൺസിൽ ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (ബി) | ഉണ്ട്; ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ 21/01/2020 ൽ ചേർന്ന ഗവേണിംഗ് ബോഡി യോഗം അസിസ്റ്റന്റ് പ്രൊഫസറിന്റെയും, പ്രൊഫസറിന്റെയും നേരിട്ടുള്ള നിയമനത്തിന് (Direct Recruitment) ഉയർന്ന പ്രായപരിധി യു.ജി.സി റെഗുലേഷൻ 2018 ന് അനുസൃതമായി ഒഴിവാക്കണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഈ ശിപാർശ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (സി) | വിഷയം പരിശോധിക്കുന്നതാണ്. |
| (ഡി) | യു.ജി.സി. മാനദണ്ഡപ്രകാരം അസി.പ്രൊഫസർ നിയമനത്തിന് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (ഡി) | യു.ജി.സി മാനദണ്ഡ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ